**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 407** **04-07-2024 - ൽ മറുപടിയ്ക്ക്**

**എക്സ്പീരിയൻഷ്യൽ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമീണ ജീവിതത്തെ എക്സ്പീരിയൻഷ്യൽ ടൂറിസവുമായി ബന്ധപ്പെടുത്തുന്നതിന് പ്രായോഗിക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഗ്രാമീണ ജീവിതത്തെ എക്സ്പീരിയൻഷ്യൽ ടൂറിസവുമായി ബന്ധപ്പെടുത്തുന്നതിന് പ്രായോഗിക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>ടൂറിസം മേഖലയിൽ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത് ഉത്തരവാദിത്ത ടൂറിസം മിഷനാണ്. കേരളത്തിലെ നാടൻ കരകൗശല വസ്തുക്കളും പരമ്പരാഗത തൊഴിലുകളും ഗ്രാമീണ ജീവിതവും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ആശയം മുന്നോട്ട് കൊണ്ടുവന്നത്. ടൂറിസം വികസനത്തിന് പൊതുജനപങ്കാളിത്തം ഉറപ്പാക്കുകയും അതുവഴി കർഷകർ, ചെറുകിട സംരംഭകർ, പരമ്പരാഗത കരകൗശലത്തൊഴിലാളികൾ എന്നിവരെ പിന്തുണയ്ക്കുകയും ചെയ്യുന്ന എന്നതാണ് ഈ ആശയത്തിന്റെ പ്രാധാന്യം. കാർഷിക മേഖലകളിലെ സന്ദർശനങ്ങൾ, പരമ്പരാഗത മത്സ്യബന്ധന രീതികൾ, കൾച്ചറൽ ടൂർ പാക്കേജുകൾ, ഫെസ്റ്റിവൽ പാക്കേജുകൾ, ടെന്റ് താമസത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന എക്സ്പീരിയൻഷ്യൽ പാക്കേജുകൾ, ഹെറിറ്റേജ് ടൂർ പാക്കേജുകൾ, കാർബൺ ഫ്രീ പാക്കേജുകൾ, ഫിഷിംഗ് പാക്കേജുകൾ, ഫാമിംഗ് & ക്രാഫ്റ്റ് വില്ലേജ് പാക്കേജുകൾ, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിവ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി വഴി ടൂറിസ്റ്റുകൾക്ക് ഗ്രാമീണ ജീവിതാനുഭവം വാഗ്ദാനം ചെയ്യുന്നു.<br><br>ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം /അഗ്രി ടൂറിസം, |

| | | | |
|---|---|---|---|
| | | | പൈതൃക ടൂറിസം, ഫുഡ് ടൂറിസം, പ്രാദേശിക കലാകാരന്മാർക്ക് വേണ്ടി വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, എന്നിങ്ങനെ കേരളത്തിൽ എക്സ്പീരിയൻഷ്യൽ ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ എല്ലാവിധ പരിശീലനങ്ങളും അതിനനുസൃതമായ പ്രവർത്തനങ്ങളും കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ നടത്തി വരുന്നു.<br><br>ടൂറിസ്റ്റുകളുടെ താല്പര്യത്തിനനുസരിച്ച് കേരളത്തിലെ തനതു കലാ രൂപങ്ങൾ, കളരിപ്പയറ്റ്, എത്തിക് ക്യുസീൻ, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിങ്ങനെ വിവിധ വിഷയങ്ങൾ താമസിച്ചു പഠിക്കുന്നതിനുള്ള സൗകര്യം ഒരുക്കികൊണ്ടുള്ള പാക്കേജുകളാണ് ലേർണിംഗ് എക്സ്പീരിയൻസ് പാക്കേജുകൾ. ഒരേ പാക്കേജിൽ തന്നെ വിവിധ താമസ സൗകര്യങ്ങൾ (ഹോം സ്റ്റേ, ടെന്റ് താമസം, മൺ കുടിലിലെ താമസം, സർവ്വീസ്ഡ് വില്ലയിലെ താമസം, ഫാം ഹൗസിലെ താമസം) അനുഭവിച്ചറിയുന്നതിനുള്ള സൗകര്യമാണ് എക്സ്പീരിയൻഷ്യൽ സ്റ്റേ എന്ന പദ്ധതി. |
| (ബി) | കരകൗശല വിദഗ്ധരെയും കർഷകരെയും ചെറുകിട സംരംഭകരെയും എക്സ്പീരിയൻഷ്യൽ ടൂറിസവുമായി ബന്ധിപ്പിക്കുന്നതിന് പദ്ധതികൾ വികസിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കരകൗശല വിദഗ്ധരെയും കർഷകരെയും ചെറുകിട സംരംഭകരെയും എക്സ്പീരിയൻഷ്യൽ ടൂറിസവുമായി ബന്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രാദേശിക കലാകാരന്മാർക്ക് വേണ്ടി വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/ പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം എന്നിവ വഴി ടൂറിസം വികസനത്തിനായുള്ള പ്രവർത്തനങ്ങൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടത്തി വരുന്നുണ്ട്. ഇതിനായി സുവനീർ നെറ്റ്‌വർക്ക് എന്ന പദ്ധതിക്ക് രൂപം നൽകി.<br><br>ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും, പ്രസ്തുത പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ 'കേരള അഗ്രി ടൂറിസം നെറ്റ് വർക്ക്' എന്ന പദ്ധതി 2021 സെപ്തംബർ മാസം ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഈ മേഖലയിൽ നിലവിൽ പ്രവർത്തനക്ഷമമായ പാക്കേജുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത പാക്കേജുകൾ ബുക്ക് | (സി) | കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി വാഗ്ദാനം ചെയ്യുന്ന എല്ലാ പാക്കേജുകളും ബുക്ക് ചെയ്യുന്നതിന് ഓൺലൈൻ പ്ലാറ്റ് ഫോം സൗകര്യം നിലവിലുണ്ട്. ഈ ഓൺലൈൻ |

| | | | | |
|---|---|---|---|---|
| | ചെയ്യുന്നതിന് ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | | | പ്ലാറ്റ്ഫോം വഴി കൾച്ചറൽ ടൂർ പാക്കേജുകൾ, ഫെസ്റ്റിവൽ പാക്കേജുകൾ, ടെന്റ് താമസത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന എക്സ്പീരിയൻഷ്യൽ പാക്കേജുകൾ, ഹെറിറ്റേജ് ടൂർ പാക്കേജുകൾ, കാർബൺ ഫ്രീ പാക്കേജുകൾ, ഫിഷിംഗ് പാക്കേജുകൾ, ഫാമിംഗ് & ക്രാഫ്റ്റ് വില്ലേജ് പാക്കേജുകൾ, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിവ വഴി ടൂറിസ്റ്റുകൾക്ക് ഗ്രാമീണ ജീവിതാനുഭവം വാഗ്ദാനം ചെയ്യുന്നു. കേരളത്തിൽ വിവിധ സ്ഥലങ്ങളിലായി 140 എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ നടക്കുന്നു. |

സെക്ഷൻ ഓഫീസർ